ഉത്തരം

ഈഗ്ൾ പ്ലാന്റേഷൻ കോളനിയിലെ താമസക്കാർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് 64 പേരെ നേരത്തെ വിചാരണ ചെയ്തതിൽ അർഹരെന്ന് കണ്ടെത്തിയവർക്കും വിചാരണയ്ക്ക് ഹാജരാകാത്ത എന്നാൽ ലഭ്യമായ രേഖയുടെ അടിസ്ഥാനത്തിൽ അർഹരാകാൻ സാദ്ധ്യതയുള്ള 3 പേരുമുൾപ്പെടെ 67 പേർക്ക് മുൻഗണന നൽകി പട്ടയം നൽകുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 67 പേരുടെയും അപേക്ഷ സാധുവാണെന്ന് കണ്ടെത്തുന്ന മുറയ്ക്ക് പട്ടയം നൽകാനും അർഹരല്ലാത്തവരുണ്ടെങ്കിൽ അവരെ ഒഴിവാക്കി മറ്റ് അപേക്ഷകരിൽ നിന്നും അർഹരെ കണ്ടെത്തി പട്ടയം നൽകാനും തീരുമാനിച്ചിട്ടുണ്ട്. അർഹതപ്പെട്ടവരുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

ഭൂരഹിതരില്ലാത്ത കേരളം പരിപാടി

125 (1161) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ഭൂരഹിതരില്ലാത്ത കേരളം' പരിപാടി സംസ്ഥാനത്ത് സമ്പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ :

(ബി) ഈ പരിപാടിയനുസരിച്ച് ഭൂമി ലഭിക്കുന്നതിനുവേണ്ടി ആകെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര പേർക്ക് ഇതേവരെ ഭൂമി അനുവദിച്ചുവെന്നും ജില്ല തിരിച്ച് അറിയിക്കാമോ ;

(സി) ഭൂരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിൽനിന്ന് എത്ര അപേക്ഷ ലഭിച്ചുവെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ;

(ഡി) ഭൂമി ലഭിക്കുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചവരിൽ എത്ര പേർക്ക് ഇനി ഭൂമി അനുവദിക്കുവാനുണ്ടെന്ന് അറിയിക്കാമോ ;

(ഇ) അപേക്ഷകർക്ക് അനുവദിച്ച ഭൂമിയെ സംബന്ധിച്ച് വ്യാപകമായ പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(എഫ്) എങ്കിൽ അപ്രകാരം പരാതി നൽകുവാനുണ്ടായ സാഹചര്യവും പരാതി പരിഹരിക്കുവാൻ സ്വീകരിച്ച നടപടികളും വിശദമാക്കാമോ ;

(ജി) അപേക്ഷിച്ചവർക്ക് പൂർണ്ണമായും എപ്പോൾ ഭൂമി വിതരണം ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭ്രരഹിതരില്ലാത്ത കേരളം പദ്ധതി 2015-ന്റെ ഒന്നാംഘട്ട പട്ടയ വിതരണം 14 ജില്ലകളിലും പൂർത്തിയായിട്ടുണ്ട്. കേരളത്തെ ഭ്രരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി മാറ്റുന്നതിനാണ് പ്രസ്തുത പദ്ധതിയിൽ സർക്കാർ ലക്ഷ്യമിടുന്നത്. അർഹരായ ഭ്രരഹിത കുടുംബത്തിന് വീട് വയ്ക്കുന്നതിനുവേണ്ടി മൂന്ന് സെന്റ് ഭ്രമി വീതം സൗജന്യമായി പതിച്ചുകൊടുക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ അർഹരായ മുഴുവൻ ഭ്രരഹിതർക്കും ഭ്രമി നൽകിക്കൊണ്ട് കണ്ണൂർ, കാസർഗോഡ് ജില്ലകളെ ഭ്രരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചു.

(ബി) പദ്ധതി പ്രകാരം ഭ്രമി ലഭിക്കുന്നതിനുവേണ്ടി 2,92,014 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും 2,43,928 കുടുംബങ്ങളെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നു. ഗുണഭോക്താക്കളുടെ എണ്ണവും ഒന്നാം ഘട്ടത്തിൽ ഭ്രമി അനുവദിച്ചതിന്റെയും ജില്ല തിരിച്ച് കണക്ക് താഴെ നൽകിയിട്ടുണ്ട്. 1-2-2014 മുതൽ 31-3-2014 വരെ അപേക്ഷകൾ സമർപ്പിക്കുന്നതിന് അവസരം നൽകിയതിനെത്തുടർന്ന് 67,281 അപേക്ഷകൾ കൂടി ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷകളിൽനിന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന നടപടികൾ പൂർത്തിയായിട്ടില്ല.

ജില്ല	ഗുണഭോക്താക്കളുടെ എണ്ണം	അനുവദിച്ച പട്ടയങ്ങളുടെ എണ്ണം
(1)	(2)	(3)
തിരുവനന്തപുരം	35,851	3,181
കൊല്ലം	28,591	683
പത്തനംതിട്ട	6,807	506
ആലപ്പുഴ	14,163	256
കോട്ടയം	10,388	1,309
ഇടുക്കി	7,970	1,992
എറണാകുളം	31,379	1,449
തൃശ്ശൂർ	26,776	510

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
പാലക്കാട്	23,874	2,114
മലപ്പുറം	23,962	843
കോഴിക്കോട്	8,304	1,550
വയനാട്	4,546	727
കണ്ണൂർ	11,099	11,100
കാസർഗോഡ്	10,218	10,271
ആകെ	2,43,928	36,491

(സി) അപേക്ഷകളിൽ നിന്നും ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം ജില്ല തിരിച്ച് താഴെ ചേർക്കുന്നു :

ജില്ല	പട്ടികജാതിക്കാർ	പട്ടികവർഗ്ഗക്കാർ
(1)	(2)	(3)
തിരുവനന്തപുരം	6585	34
കൊല്ലം	3363	19
പത്തനംതിട്ട	1779	68
ആലപ്പുഴ	1513	86
കോട്ടയം	1115	119
ഇടുക്കി	2543	63
എറണാകുളം	4128	182
തൃശ്ശൂർ	4792	23
പാലക്കാട്	4229	311
മലപ്പുറം	3695	195

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
കോഴിക്കോട്	456	15
വയനാട്	285	862
കണ്ണൂർ	799	73
കാസർഗോഡ്	566	176

(ഡി) 1-12-2014 മുതൽ 31-3-2014 വരെ ലഭ്യമായ അപേക്ഷകരിൽ നിന്ന് കൂടി ഗുണഭോക്താക്കളെ തിട്ടപ്പെടുത്താനുള്ള നടപടികൾ പൂർത്തിയായാൽ മാത്രമേ ഭൂമി നൽകാൻ ബാക്കി നിൽക്കുന്ന കുടുംബങ്ങളുടെ കൃത്യമായ കണക്ക് കൃത്യമായി കണക്കാക്കാൻ കഴിയുകയുള്ളൂ. എങ്കിലും ഉദ്ദേശം 2.6 ലക്ഷം കുടുംബങ്ങൾക്ക് ഭൂമി അനുവദിക്കാനുണ്ടെന്ന് കരുതുന്നു.

(ഇ) ചുരുക്കം ചില ആക്ഷേപങ്ങൾ ലഭിച്ചിട്ടുള്ളതിൽ ജില്ലാ കളക്ടർമാർ തന്നെ പരിഹാര നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) വീട് വയ്ക്കാൻ അനുയോജ്യമായതും വഴി സൗകര്യമുള്ളതുമായ ഭൂമികൾ മാത്രമാണ് പ്രസ്തുത പദ്ധതി പ്രകാരം പതിച്ച് നൽകാൻ തീരുമാനിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് ചില ഗുണഭോക്താക്കൾ പരാതികൾ ഉന്നയിക്കുന്നതായിട്ടാണ് ശ്രദ്ധയിൽപ്പെടുന്നത്. പരാതികൾക്ക് ഇടയാക്കിയിട്ടുള്ള പ്ലോട്ടുകൾ അടിയന്തരമായി പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ജി) 2015 ഡിസംബർ മാസത്തോടുകൂടി മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി നൽകി പദ്ധതി പൂർത്തീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ഐ.എച്ച്.ഡി.പി. കോളനിയിലെ പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷ

126 (1162) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര താലൂക്കിൽ, വെളിയം വില്ലേജിലെ മാവൻകോട് ഐ.എച്ച്.ഡി.പി. കോളനിയിൽ പട്ടയം ലഭിക്കുന്നതിനായി എത്രപേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly